ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 02-03-2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. നിലവിലെ സ്ഥിതിഗതികൾ ആശങ്കാജനകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Conflict in West Asia intensified as Iran and joint forces of Israel and America have launched new wave of missile and drone attacks.**

2. വിദേശ രാജ്യങ്ങളിൽ കുടുങ്ങി കിടക്കുന്ന ഇന്ത്യൻ പൗരന്മാരെ തിരിച്ചെത്തിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി കേന്ദ്രമന്ത്രി കിരൺ റിജിജു. കറാച്ചിയിൽ കുടുങ്ങിയ മൂന്ന് മലയാളികൾ നാളെ കൊച്ചിയിൽ മടങ്ങിയെത്തും.

   **Govt Working to Evacuate Indians Stranded Amid Israel-Iran Conflict: Minister Kiren Rijiju. Three Keralites stranded in Karachi will return to Kochi tomorrow.**

3. ഗൾഫ് നാടുകളിലെ നിലവിലെ പ്രതിസന്ധിയിൽ പ്രവാസികൾക്ക് പൂർണ പിന്തുണ ഉറപ്പുനൽകി മുഖ്യമന്ത്രി പിണറായി വിജയൻ. വിദേശകാര്യ മന്ത്രാലയവുമായി ചേർന്ന് സാധ്യമായ എല്ലാ തലങ്ങളിലും സർക്കാർ ജാഗ്രതയോടെ ഇടപെടുന്നതായി മുഖ്യമന്ത്രി.

   **Kerala Chief Minister Pinarayi Vijayan assured full support to expatriates amid the ongoing crisis in the Gulf countries. The Chief Minister said that the government is intervening cautiously at all possible levels in coordination with the Ministry of External Affairs.**

4. നിർണായക ധാതു സഹകരണം , പുനരുപയോഗ ഊർജം , തുടങ്ങിയ രംഗങ്ങളിൽ മൂന്ന് സുപ്രധാന കരാറുകൾ കൈമാറി ഇന്ത്യയും കാനഡയും.

**India and Canada exchange agreements in critical mineral, renewable energy, and cultural cooperation to boost bilateral ties.**

5. പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല നാളെ. ഭക്തി സാന്ദ്രമായി അനന്തപുരി.

**The famous Attukal Pongala will be held tomorrow.**

6. പശ്ചിമേഷ്യയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഓഹരിവിപണികളിൽ വൻ ഇടിവ്. അസംസ്കൃത എണ്ണവിലയിൽ ഒൻപത് ശതമാനത്തോളം വർധന രേഖപ്പെടുത്തി.

**In the backdrop of the conflicts in West Asia, stock markets witnessed a sharp decline. Crude oil prices recorded an increase of nearly nine percent.**

*************************************************

## MODI – CARNEY TALKS (INTRO)

പശ്ചിമേഷ്യയിലെ നിലവിലെ സ്ഥിതിഗതികൾ വളരെയേറെ ആശങ്കാജനകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുമായുള്ള ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷം ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ സംയുക്ത വാർത്താ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

തർക്കങ്ങൾ സംഭാഷണത്തിലൂടെയും നയതന്ത്രത്തിലൂടെയും പരിഹരിക്കണമെന്ന നിലപാടാണ് ഇന്ത്യയ്ക്കുള്ളതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഭീകരവാദം മനുഷ്യരാശി നേരിടുന്ന ഗുരുതര വെല്ലുവിളിയാണെന്ന് പറഞ്ഞ അദ്ദേഹം ആഗോള സമാധാനത്തിനും സുസ്ഥിരതക്കും ഇന്ത്യ- കാനഡ

സഹകരണം അത്യന്താപേക്ഷിതമാണെന്നും അഭിപ്രായപ്പെട്ടു. (ഹോൾഡ്- വോയിസ് )

നിർണായക ധാതു സഹകരണം, പുനരുപയോഗ ഊർജം, സാംസ്കാരിക സഹകരണം എന്നീ രംഗങ്ങളിൽ മൂന്ന് സുപ്രധാന കരാറുകളും ഇരു രാജ്യങ്ങളും കൈമാറി. ഇന്ത്യ-കാനഡ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിലെ ചർച്ചകൾ പൂർത്തീകരിക്കുന്നതിൽ മാർക്ക് കാർണി താത്പര്യം പങ്കുവച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

****************************************

## PM- SAUDI BAHRAIN

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി സൗദി അറേബ്യൻ കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ രാജകുമാരനുമായും ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഈസ അൽ ഖലീഫയുമായും ടെലിഫോണിൽ സംഭാഷണം നടത്തി. സൗദി അറേബ്യക്കും ബഹ്റൈനും നേരെ നടന്ന ആക്രമണങ്ങളെ പ്രധാനമന്ത്രി ശക്തമായി അപലപിച്ചു. മേഖലയിൽ എത്രയും വേഗം സമാധാനം പുനഃസ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ പ്രവാസികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ ഇരു രാജ്യങ്ങൾക്കും പ്രധാനമന്ത്രി നന്ദി അറിയിച്ചു.

****************************************

## RIJIJU ISRAEL-IRAN (intro)

ഇറാൻ-ഇസ്രയേൽ സംഘർഷ സാഹചര്യം കണക്കിലെടുത്ത് വിദേശ രാജ്യങ്ങളിൽ കുടുങ്ങി കിടക്കുന്ന ഇന്ത്യൻ പൗരന്മാരെ തിരിച്ചെത്തിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി കേന്ദ്രമന്ത്രി കിരൺ റിജിജു. വിവിധ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രാലയങ്ങളുമായി ചേർന്ന്

ഇതിനുള്ള നടപടികൾ ഉറപ്പാക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ്)

*************************************

**WAR-WEST ASIA**

പശ്ചിമേഷ്യയിൽ സംഘർഷം അതിരൂക്ഷമായി തുടരുകയാണ്. ഇറാൻ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമനേയി കൊല്ലപ്പെട്ടതിന് പിന്നാലെ യുഎഇ, കുവൈറ്റ്, ബഹറൈൻ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലെ യുഎസ് താവളങ്ങൾ ലക്ഷ്യമാക്കി ഇറാൻ ആക്രമണം തുടരുകയാണ്. ഇറാനിലെ വിവിധ കേന്ദ്രങ്ങളിൽ ഇസ്രയേലും, അമേരിക്കയും ഇന്നും ആക്രമണം നടത്തി. ഇറാൻറെ ആക്രമണങ്ങളെ ചെറുക്കാൻ യു.എസുമായി സഹകരിക്കാൻ തയ്യാറാണെന്ന് ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങൾ അറിയിച്ചു. ഇറാനിയൻ ആക്രമണങ്ങൾക്ക് മറുപടി നൽകുമെന്ന് ചില ഗൾഫ് രാജ്യങ്ങളും വ്യക്തമാക്കി. ഒമാനിൽ മസ്കറ്റ് തീരത്തിന് സമീപം ഓയിൽ ടാങ്കറിന് നേരെയുണ്ടായ ആക്രമണത്തിൽ ഒരു കപ്പൽ ജീവനക്കാരൻ കൊല്ലപ്പെട്ടതായി അധികൃതർ അറിയിച്ചു. ഖത്തറിലെ ഊർജ്ജോത്പാദന കേന്ദ്രങ്ങൾക്ക് നേരെ രണ്ട് തവണ മിസൈൽ ആക്രമണം നടന്നതായി പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. നിരവധി യുഎസ് യുദ്ധവിമാനങ്ങൾ ആക്രമണത്തിൽ തകർന്നതായി കുവൈറ്റ് പ്രതിരോധ മന്ത്രാലയം സ്ഥിരീകരിച്ചിട്ടുണ്ട്. . സൗദി അറേബ്യയുടെ റാസ് തനുര എണ്ണ ശുദ്ധീകരണശാലയ്ക്ക് നേരെയും ആക്രമണമുണ്ടായി. ലെബനനിൽ നിന്ന് ഇസ്രായേലിലേക്ക് മിസൈലുകൾ തൊടുത്തതായി ഹിസ്ബുള്ള അറിയിച്ചു. മറുപടിയായി തലസ്ഥാനമായ ബെയ്റൂട്ടിൽ ഇസ്രായേൽ നടത്തിയ പ്രത്യാക്രമണത്തിൽ 31 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. സൈപ്രസിലെ ബ്രിട്ടീഷ് സൈനിക താവളത്തിലും ഡ്രോൺ ആക്രമണത്തിൽ നാശനഷ്ടങ്ങൾ

ഉണ്ടായി. ഇറാനിയൻ ആക്രമണങ്ങളിൽ ബഹ്റൈനിലെയും യു.എ.ഇയിലെയും ക്ലൗഡ് ഡാറ്റാ സെന്ററുകൾ വൈദ്യുതി പ്രതിസന്ധി നേരിടുന്നുണ്ടെന്ന് ആമസോൺ കമ്പനി വ്യക്തമാക്കി.

****************************************************

## DEATH TOLL

യുഎസ്- ഇസ്രയേൽ ആക്രമണങ്ങളിൽ ഇറാനിൽ ഇത് വരെ 555 പേർ കൊല്ലപ്പെട്ടതായാണ് റെഡ് ക്രസൻറിൻറെ കണക്കുകൾ. ഇറാൻ നഗരമായ മിനാബിൽ പെൺകുട്ടികളുടെ സ്കൂളിന് നേർക്കുണ്ടായ ആക്രമണത്തിൽ 180 കുട്ടികളാണ് മരിച്ചത്. ഇസ്രയേലിലെ ബെയ്റ്റ് ഷെമേഷിൽ ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിൽ 9 പേർ കൊല്ലപ്പെട്ടു. കുവൈത്തിൽ ഇറാൻ നടത്തിയ ആക്രമണത്തിൽ നാല് യുഎസ് സൈനികർക്ക് ജീവൻ നഷ്ടമായി.

****************************************************

## NORKA – SECURITY MISSION

അസർബൈജാനിൽ നിന്നും കുവൈത്തിലേക്ക് പോകും വഴി പാകിസ്ഥാനിലെ കറാച്ചി വിമാനത്താവളത്തിൽ കുടുങ്ങിയ മൂന്ന് മലയാളി യാത്രക്കാരെ

ശ്രീലങ്ക വഴി കൊച്ചിലെത്തിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. സംഘർഷ സാഹചര്യങ്ങളെത്തുടർന്ന് വിമാനം കറാച്ചിയിൽ അടിയന്തരമായി ഇറക്കിയതോടെ യാത്രക്കാർ നോർക്ക റൂട്ട്സിനെ ബന്ധപ്പെടുകയും, തുടർന്ന് വിദേശകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഇന്ന് ഉച്ചയോടെ ഇവരെ കൊളംബോയിൽ എത്തിക്കുകയുമായിരുന്നു. എയർ ഇന്ത്യ വിമാനത്തിൽ നാളെ പുലർച്ചയോടെ ഇവരെ കൊച്ചിയിലെത്തിക്കും. സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ നോർക്ക റൂട്ട്സ് ഹെൽപ്

ഡസ്കും, കൺട്രോൺ റൂമും സജ്ജീകരിച്ചു. ഹെൽപ്പ് ഡെസ്ക് സഹായത്തിനായി +91- 880 201 2345 എന്ന നമ്പറിലും, ഇന്ത്യയിൽ നിന്നും 1800 425 3939 എന്ന ടോൾ ഫ്രീ നമ്പറിലും ബന്ധപ്പെടാവുന്നതാണ്. ഡൽഹി കേരള

ഹൗസിലും കൺട്രോൾ റൂം തുറന്നിട്ടുണ്ട്.

*****************************************

## CM

ഗൾഫ് നാടുകളിലെ നിലവിലെ പ്രതിസന്ധിയിൽ പ്രവാസികൾക്കും നാട്ടിലുള്ള അവരുടെ കുടുംബങ്ങൾക്കും പൂർണ പിന്തുണയുമായി മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി ചേർന്ന് സാധ്യമായ എല്ലാ തലങ്ങളിലും സർക്കാർ ജാഗ്രതയോടെ ഇടപെടുന്നതായും അദ്ദേഹം അറിയിച്ചു. അത്യാവശ്യ സഹായങ്ങൾ ലഭ്യമാക്കാൻ നോർക്കയുടെ സേവനങ്ങളും ലഭ്യമാണ്. അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കരുതെന്നും അദ്ദേഹം നിർദ്ദേശിച്ചു.

*****************************************

## JK-PROTEST

ഇറാൻ പരമോന്നത നേതാവ് അയത്തുള്ള അലി ഖമേനേയി കൊല്ലപ്പെട്ടതിനെത്തുടർന്നുണ്ടായ പ്രതിഷേധങ്ങളെത്തുടർന്ന് ജമ്മു കശ്മീരിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകുകയും പരീക്ഷകൾ മാറ്റിവെക്കുകയും ചെയ്തിട്ടുണ്ട്. ശ്രീനഗറിലെ ലാൽ ചൗക്ക് ഉൾപ്പെടെയുള്ള പ്രധാന സ്ഥലങ്ങളിൽ സുരക്ഷാ സേനയെ വിന്യസിച്ചു.

*****************************************

## ATTUKAL PONKALA (INTRO)

പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല നാളെ. എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ഭക്തി സാന്ദ്രമായി അനന്തപുരി..

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്.....**

(വോയിസ്)

*************************************

## PONKALA – ROSHI AUGUSTINE

ആറ്റുകാൽ പൊങ്കാലയ്ക്ക് കുടിവെള്ളം മുടങ്ങില്ലെന്ന് ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ. പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ കൺട്രോൾ തുറന്നിട്ടുണ്ടെന്നും, ഓരോ സെക്ഷൻ ഓഫീസും കേന്ദ്രീകരിച്ച് പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. പ്രശ്നം രൂപപ്പെട്ടത് മുതൽ വാട്ടർ അതോറിറ്റി എം ഡി, അടക്കമുള്ളവരെ ഉൾപ്പെടുത്തി നിരവധി യോഗങ്ങൾ വിളിച്ചു ചേർത്തതായും, കോർപ്പറേഷനും വാട്ടർ അതോറിറ്റിയും വിഷയത്തിൽ സഹകരിച്ചാണ് മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

*************************************

## CRUDE OIL FOR MIDDAY

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായതിനെത്തുടർന്ന് ആഗോള വിപണിയിൽ അസംസ്കൃത എണ്ണവിലയിൽ ഒൻപത് ശതമാനത്തോളം വർധന രേഖപ്പെടുത്തി. ഹോർമുസ് കടലിടുക്കിലെ പ്രതിസന്ധി കാരണമാണ് നിലവിലെ വർധന. ലോകത്തെ എണ്ണ വിതരണത്തിന്റെ 20 ശതമാനവും ഇന്ത്യൻ ഇറക്കുമതിയുടെ 40 ശതമാനവും കടന്നുപോകുന്നത് ഹോർമുസ് കടലിടുക്കിലൂടെയാണ്.

*************************************

## SENSEX + GOLD

പശ്ചിമേഷ്യയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഓഹരിവിപണികളിൽ വൻ ഇടിവ്. സെൻസെക്സ് 1,048 പോയിന്റ് താഴ്ന്ന് 80,239 ലും നിഫ്റ്റി 313 പോയിന്റ് ഇടിഞ്ഞ് 24,866 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ വില ഉച്ചക്ക് ശേഷം വീണ്ടും ഉയർന്നു. പവന് 520 രൂപ വർധിച്ച് ഒരു ലക്ഷത്തി 25,040 രൂപയാണ് ഇന്നത്തെ വില.

*************************************

## SIVANKUTTY

ഗൾഫ് മേഖലയിൽ ഈ മാസം 5 ലെ എസ്.എസ്.എൽ.സി പരീക്ഷയും 5, 6, 7 തീയതികളിലെ ഹയർ സെക്കന്ററി പരീക്ഷയും മാറ്റി വെയ്ക്കാൻ തീരുമാനിച്ചതായി മന്ത്രി വി ശിവൻകുട്ടി. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

*************************************

***********************************************************************************